പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2980 29-10-2026-ൽ മറുപടിയ്ക്ക്

ഏരിയ ഇന്റൻസീവ് പ്രോഗ്രാം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ഫൈസൽ ബാബു

ശ്രീ. എം. റഹ്മത്തുള്ള

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഏരിയ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

മറുപടി: കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് 1986 ൽ ആവിഷ്കരിച്ചതും 1992 ൽ പരിഷ്കരിച്ചതുമായ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷങ്ങൾക്കായുള്ള ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽ 6 ഹയർ സെക്കൻഡറി സ്ഥാപനങ്ങൾക്കും 11 അപ്പർ പ്രൈമറി സ്കൂളുകൾക്കും 24 ലോവർ പ്രൈമറി സ്കൂളുകൾക്കും (ആകെ 41) പ്രവർത്തനാനുമതി നൽകിയിരുന്നു. എന്നാൽ പല കാരണങ്ങളാലും 6 സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങുകയുണ്ടായില്ല. 5 ഹയർ സെക്കൻഡറി സ്കൂളുകളും 11 അപ്പർ പ്രൈമറി സ്കൂളുകളും 19 ലോവർ പ്രൈമറി സ്കൂളുകളുമാണ് പ്രവർത്തിച്ചിരുന്നത്.

(ബി) പ്രസ്തുത സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഏരിയ ഇന്റൻസീവ് പ്രോഗ്രാം എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ആരംഭിച്ച 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിക്കുന്നതു സംബന്ധിച്ച് കേരള വിദ്യാഭ്യാസ നിയമത്തിലെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രസ്തുത സ്കൂളുകളിലെ 238 അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് കെ.ഇ.ആറും കെ.എസ്.ആറും ബാധകമാക്കിയ 16.01.2003 മുതൽ എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു.

(സി) പ്രസ്തുത വിദ്യാലയങ്ങളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത മുഴുവൻ അധ്യാപകർക്കും നിയമനാംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

മറുപടി: സംസ്ഥാനത്ത് നിലവിൽ എ ഐ പി പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ 01.06.2003 ന് ശേഷം, കെ ഇ ആർ അനുസരിച്ച് അനുവദനീയമാണെന്ന് റിപ്പോർട്ട് ചെയ്ത 67 അധിക തസ്തികകൾക്കും ആ തസ്തികകളിൽ നിയമിക്കപ്പെട്ട 66 അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്കും 11.11.2015 മുതൽ നിയമനംഗീകാരവും അന്നേ തീയതി മുതൽ എ ഐ പി സ്കൂളുകളിലെ ജീവനക്കാർക്ക്

അനുവദനീയമായ സേവന വേതന ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവായിരുന്നു . 28/02/2026 ലെ സ.ഉ.(കൈ) നം.40/2026/GEDN ഉത്തരവ് പ്രകാരം എ.ഐ.പി സ്കൂളുകളിൽ 09/09/2021-ന് മുമ്പ് നിയമനം ലഭിച്ച 34 അദ്ധ്യാപകർക്കും, 01 അനദ്ധ്യാപകനും 09/09/2021-ലെ ജി.ഒ.(എം.എസ്)നം. 196/2021/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ടി അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകി ഉത്തരവായിരുന്നു. 09/09/2021-ന് ശേഷം നിയമനം ലഭിച്ച് നിയമനാംഗീകാരം ലഭിക്കാതെ തുടരുന്ന അദ്ധ്യാപകരുടെ വിഷയം പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ